NISH ONLINE INTERACTIVE DISABILITY AWARENESS SEMINAR

Date: 15/01/2016

# TITLE: ഓട്ടിസം-കുട്ടികളുടെ സ്വഭാവ രൂപീകരണത്തിൽ രക്ഷിതാക്കൾ നേരിടുന്ന വെല്ലുവിളികൾ

Vocational Paper Series No: 3 Vol: 2016/01

1. **ഓട്ടിസത്തിന്റെ കാരണങ്ങൾ എന്തെല്ലാം?**

ഈ വിഷയത്തിൽ ഒരുപാട് പഠനങ്ങൾ നടന്നിട്ടുണ്ടെങ്കിലും ഇപ്പോഴും കൃത്യമായ ഉത്തരം ലഭിച്ചിട്ടില്ല. ചില പഠനങ്ങൾ ജനിതക തകരാറുകൾ ഒരു കാരണമായി പറയുന്നുണ്ട്. അതുപോലെ തന്നെ ഗർഭാവസ്ഥയിൽ അമ്മയ്ക്കുണ്ടാകുന്ന രോഗങ്ങൾ അപകടങ്ങൾ, ഉപയോഗിക്കുന്ന മരുന്നുകൾ, തുടങ്ങിയവ ഗർഭസ്ഥശിശുവിന്റെ വളർച്ചയെ പ്രതികൂലമായി ബാധിക്കാം. അപ്രകാരം ജനിക്കുന്ന കുട്ടികൾക്ക് ഓട്ടിസം ഉണ്ടാകാം എന്ന് മറ്റൊരു പഠനം പറയുന്നണ്ട്. കുട്ടിയുടെ വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ ഭാഷാ വികസനത്തിന് അനുസൃതമായ സാഹചര്യങ്ങളുടെ ദൗർലഭ്യവും കുട്ടികളിൽ ഓട്ടിസം എന്ന അവസ്ഥയുടെ ലക്ഷണങ്ങൾ കാണിക്കാനിടയക്കുന്നു.

2. **പെരുമാറ്റ വൈകല്യങ്ങളെ എങ്ങനെ അതിജീവിക്കാം?**

കുട്ടികളിൽ കാണുന്ന പെരുമാറ്റവൈകല്യങ്ങളെ ഒരു പരിധി വരെ പെരുമാറ്റ രൂപീകരണത്തിലൂടെ നിയന്ത്രിക്കാവുന്നതാണ്. പെരുമാറ്റ രൂപികരണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വളരെ ചെറുപ്പത്തിൽ തന്നെ തുടങ്ങാവുന്നതാണ്. മാർഗ്ഗനിർദ്ദേശങ്ങൾ വ്യകതവും അവസരോചിതവുമായിരിക്കണം. മാത്രവുമല്ല നിശ്ചിത നിർദ്ദേശങ്ങൾ സ്ഥിരമായി കൊടുക്കുകയും വേണം. കുട്ടിയുടെ ഒരു ദിവസത്തെ ദിനചര്യയിൽ നിന്നും പെരുമാറ്റ രൂപീകരണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകാവുന്നതാണ്. ഇത് കുട്ടി വ്യത്യസ്ത ദിനചര്യയിൽ ഏർപ്പെടുന്ന ചിത്രങ്ങൾ സംയോജിപ്പിച്ച് പരിശീലിപ്പിക്കാവുന്നതാണ്. ഇങ്ങനെ ചെയ്യുന്നതിലൂടെ കുട്ടിക്ക് നടക്കാൻ പോകുന്ന കാര്യങ്ങളെക്കുറിച്ച് ധാരണ കിട്ടുകയും അവരിൽ കാണുന്ന അനാവശ്യ ആശങ്ക അഥവാ ആകാംക്ഷ കുറയ്ക്കാൻ സാധിക്കും. ഈ പരിശീലനത്തിന് മാതാപിതാക്കളും, വീട്ടിലുള്ള മറ്റു ബന്ധുക്കളും ഒരു പോലെ സഹകരിച്ച് പ്രവർത്തിക്കേണ്ടതാണ്.

3. **ഓട്ടിസം ബാധിതരായ കുട്ടികളിൽ പെരുമാറ്റ രൂപീകരണത്തിന്റെ പ്രാധാന്യം എന്താണ്.**

ഓട്ടിസം ബാധിതരായ കുട്ടികൾ പൊതുവേ അവരുടെതായ ലോകത്തിൽ സഞ്ചരിക്കുന്ന വ്യക്തികളാണ്. അവർ തനിക്ക് ചുറ്റുമുള്ളവരേയോ സാഹചര്യത്തേയോ മനസ്സിലാക്കാതെ, തന്നിലേക്ക് തന്നെ ഉൾവലിയുന്ന പ്രവണതയുള്ള സ്വഭാവക്കാരാണ്. അതുകൊണ്ട് തന്നെ സാഹചര്യങ്ങൾക്കനുസൃതമായ പെരുമാറ്റ രൂപീകരണം അവർക്ക് ഏറെ പ്രയാസവും വിഷമകരമായിട്ടുള്ളതുമാണ്. ഇത് അവരിൽ ആ

കാംക്ഷയും അനാവശ്യദയവും ഉണ്ടാക്കുന്നു. ഇത് പെരുമാറ്റവൈകല്യങ്ങളിലേക്ക് വഴിതെളിക്കുന്നു പെരുമാറ്റരൂപീകരണത്തിലൂടെ ഒരു പരിധി വരെ ഇതിനെ നിയന്ത്രിക്കാൻ കഴിയാവുന്നതാണ്. പെരുമാറ്റ രൂപീകരണത്തിനുവേണ്ടി നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങളിൽ ചെറിയ വ്യത്യയാനങ്ങൾ കൊണ്ടുവരാനും ശ്രദ്ധിക്കേണ്ടതാണ്. ഓട്ടിസം ബാധിതരായ കുട്ടികൾ മാറ്റങ്ങളെ ഇഷ്ടപ്പെടാത്തവരും കാര്യങ്ങൾ ഒരേ രീതിയിലൂടെ ചെയ്യാൻ ഇഷ്ടപ്പെടുന്നവരുമാണ്. കുട്ടിയ്ക്ക് നൽകുന്ന നിർദ്ദേശങ്ങൾ വ്യക്തമായി കഴിഞ്ഞാൽ, അതിന്റെ ക്രമത്തിൽ അവസരോചിതമായി മാറ്റങ്ങൾ വരുത്താവുന്നതാണ്.

**4. പെരുമാറ്റ വൈകല്യങ്ങളെ വൈദ്യസഹായത്തോടെ പൂർണ്ണമായി ഭേദമാക്കാൻ സാധിക്കുമോ?**

പെരുമാറ്റവൈകല്യത്തിന്റെ മുലകാരണവും, തീവ്രതയും, തോതുമനുസരിച്ച് വൈദ്യസഹായം സ്വീകരിക്കാവുന്നതാണ്. മൂലകാരണങ്ങൾ അവലോകനം ചെയ്യുമ്പോൾ കുട്ടിയിൽ പെരുമാറ്റവൈകല്യങ്ങൾ ഉള്ളവാക്കാനിടയാക്കിയ സാഹചര്യവും അതിനോടനുബന്ധിച്ച് മറ്റുഉള്ളവരുടെ പ്രതികരണവും കണക്കിലെടുക്കേണ്ടതാണ്. ഈ ഘടകങ്ങളിലെ മാറ്റങ്ങൾ ഒരു പരിധിവരെ പെരുമാറ്റവൈകല്യങ്ങൾ നിയന്ത്രിക്കാൻ കഴിയുന്നതാണ്. ഈ പരിശീലനത്തിന് അനുകൂല പ്രതികരണം നൽകാത്ത പക്ഷം വിദഗ്ധരുടെ നിർദ്ദേശപ്രകാരം മാത്രം വൈദ്യസഹായം ആവശ്യപ്പെടാവുന്നതാണ്.

**5. ഓട്ടിസം ബാധിതരായ കുട്ടികളിൽ കണ്ടുവരുന്ന സംയോജനശേഷി കുറവ് എന്തെല്ലാമാണ്?**

വെറുതെ വട്ടം ചുറ്റുക, മൃദുലവും പരുപരുത്തതുമായ പ്രതലത്തിൽ സ്പർശിച്ചു കൊണ്ടിരിക്കുക, ഒരു വസ്തുവിലേക്ക് മാത്രം നോക്കിയിരിക്കുക, കൈകൾ ഇളക്കി കൊണ്ടിരിക്കുക, കറങ്ങുന്ന വസ്തുവിലേക്ക് അധിക സമയം നോക്കിയിരിക്കുക തുടങ്ങിയ സംയോജനശേഷി കുറവുകളാണ് പൊതുവേ കണ്ടുവരുന്നത്. ഈ പ്രശ്നങ്ങൾ ഓരോ കുട്ടിയിലും ഓരോ രീതിയിലാണ് പ്രതിഫലിക്കുന്നത്. ഇതിന്റെ പരിഹാരത്തിനായി Occupational Therapistന്റെ സഹായം തേടാവുന്നതാണ്.

**6. ഓട്ടിസം ബാധിതരായ കുട്ടികളുടെ വിദ്യഭ്യാസം എങ്ങനെയായിരിക്കണം?**

പൊതുവിദ്യാഭ്യാസം നല്കുന്ന സാധാരണ സ്കൂളുകളിൽ അയച്ച് വിദ്യ അഭ്യസിപ്പിക്കാവുന്നതാണ്. പഠനങ്ങളും ഇത് തെളിയിച്ചിട്ടുള്ളതാണ്. ഈ രീതി അവലംബിക്കുന്നവരിൽ സമപ്രായക്കാരുമായി ഇടപെഴുകാനും അവരുടെ സാമൂഹിക മൂല്യത്തിൽ അധിഷ്ഠിതമായ പെരുമാറ്റരീതി കണ്ട് മനസ്സിലാക്കാനും അനുകരിക്കാനും അവസരം ലഭിക്കുന്നു. ഇത്തരം കുട്ടികളെ പരിശീലിപ്പിക്കാൻ യോഗ്യത നേടിയ സ്പഷ്യെൽ ടീച്ചറുടെ സഹായവും സാന്നിധ്യവും അതാത് സ്കൂളിൽ ഉണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കുട്ടിയ്ക്ക് ഏത് തരത്തിലുള്ള വിദ്യാഭ്യാസം നൽകണം എന്നത് കാര്യങ്ങൾ ഗ്രഹിക്കാനുള്ള കുട്ടികളുടെ കഴിവും, പ്രായോഗിക ബുദ്ധിയുമനുസരിച്ചായിരിക്കണം. ഇത് നിശ്ചയിക്കുന്നത് കുട്ടിയുടെ രക്ഷകർത്താക്കളും, സ്പെഷ്യൽ ടീച്ചറും, കുട്ടിയെ പരിശീലിപ്പിക്കുന്ന വിദഗ്ധരും ചേർന്നാണ്.